**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** — **14-09-2023 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷേമ പെൻഷനുകൾ കുറ്റമറ്റ നിലയിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ മരണപ്പെട്ടവർ, സംസ്ഥാനത്ത് നിലവിൽ താമസമില്ലാത്തവർ, രണ്ടിലധികം പെൻഷനുകൾ കൈപ്പറ്റുന്നവർ മുതലായ അനർഹർ ഉണ്ടെന്ന വസ്തുത സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളെ 'സേവന' പോർട്ടലിൽ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ട എല്ലാ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ തുടർന്നും ലഭിക്കുന്നതിനായി പല ഘട്ടങ്ങളിലായി ബയോമെട്രിക് മസ്റ്ററിംഗ് നടപ്പിലാക്കുകയുമുണ്ടായി. നിലവിൽ 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വാർഷിക മസ്റ്ററിംഗിനായി ആഗസ്റ്റ് 31 വരെ മസ്റ്ററിംഗ് നടത്തുന്നതിന് സമയം അനുവദിച്ചിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, കിടപ്പു രോഗികൾ, വൃദ്ധജനങ്ങൾ എന്നിങ്ങനെ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തവർക്ക് അക്ഷയ കേന്ദ്രം പ്രതിനിധി ഗുണഭോക്താക്കളുടെ വീടുകളിലെത്തി മസ്റ്ററിംഗ് നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.<br><br>സർക്കാരിൽ ലഭിച്ച നിരവധി പരാതികളുടെ അടിസ്ഥാനത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ അനർഹമായി കൈപ്പറ്റിവന്നിരുന്ന സർക്കാർ ജീവനക്കാർ, സർവ്വീസ്/ കുടുംബ പെൻഷൻകാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വിരമിച്ച ശേഷം പ്രസ്തുത സ്ഥാപനത്തിലെ സ്കീം പ്രകാരം പെൻഷൻ ലഭിക്കുന്നവർ, 1000 സി.സി.യിലധികം എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി. വാഹനമുള്ളവർ, രണ്ട് ഏക്കറിലധികം ഭൂമിയുള്ളവർ എന്നിവരെ ബന്ധപ്പെട്ട ഡാറ്റാബേസുകൾ പെൻഷൻ സോഫ്റ്റ്വെയറായ 'സേവന'യുമായി പരിശോധന നടത്തി കണ്ടെത്തിയിട്ടുള്ളതും അനർഹരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. |
| (ബി) | ഈ സർക്കാർ ഇതുവരെ ക്ഷേമ പെൻഷൻ വിതരണത്തിനായി മാത്രം ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ കാലയളവിൽ 50,90,390 ഗുണഭോക്താക്കൾക്ക് വിവിധ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിനായി ഇതുവരെ 19093.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർക്കുന്നു. സർക്കാർ ധനസഹായമുപയോഗിച്ച് പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകളിലായി 6,76,340 ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 2740.21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു.<br><br>സാംസ്കാരിക വകുപ്പ് മുഖേനയുള്ള കലാകാര പെൻഷന് 11,98,27,700/- രൂപയും അവശ കലാകാര പെൻഷന് 63,80,000/- രൂപയും അനുവദിച്ചിട്ടുണ്ട്. കായിക യുവജനക്ഷേമ വകുപ്പ് മുഖേനയുള്ള സർക്കസ് പെൻഷന് 4,64,38,150/- രൂപയും അവശ കായികതാര പെൻഷന് 37,36,205/- രൂപയും അനുവദിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗം വികസന വകുപ്പ് മുഖേനയുള്ള വിശ്വകർമ്മ പെൻഷൻ 1011 ഗുണഭോക്താക്കൾക്ക് 82,79,309/- രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർക്കുന്നു.<br><br>തൊഴിലും നൈപുണ്യവും വകുപ്പ് മുഖേനയുള്ള മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ വിതരണത്തിനായി 2021-22 സാമ്പത്തിക വർഷം 18.08.2021-ലെ സ.ഉ (സാധാ) നം.995/2021/തൊഴിൽ (1,47,63,900/- രൂപ), 19.03.2022-ലെ സ.ഉ(സാധാ) നം.346/2022/തൊഴിൽ (90,74,000/- രൂപ) എന്നിവ പ്രകാരം ലേബർ കമ്മീഷണർക്ക് 2,38,37,900/- രൂപയുടെ വിനിയോഗാനുമതി നൽകിയതിൽ നിന്നും ആകെ 2,36,74,300/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 30.08.2022-ലെ സ.ഉ(സാധാ) നം.1019/2022/തൊഴിൽ പ്രകാരം 2 കോടി രൂപ അനുവദിച്ചതിൽ 1,90,16,800/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 10.08.2023-ലെ സ.ഉ(സാധാ) നം.973/2023/തൊഴിൽ പ്രകാരം 2 കോടി 70 ലക്ഷം രൂപയുടെ വിനിയോഗാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിതരണം നടന്നു വരുന്നു.<br><br>ഇതു കൂടാതെ തനതു ഫണ്ടുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡു പെൻഷനുകൾ നൽകുന്നതിനായി 1723.79 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (4) ആയി ചേർക്കുന്നു. |

അനുബന്ധം - 1

**അനുബന്ധം -1**

| വർഷം | **കർഷക തൊഴിലാളി പെൻഷൻ** | **ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ** | **ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ** | **ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ** | **50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ** | **ആകെ** |
|---|---|---|---|---|---|---|
| 2021 | 6817240500 | 44690229200 | 6968548700 | 23179896200 | 1464622500 | **831205371** |
| 2022 | 4654650300 | 33994026500 | 5141500000 | 16735716700 | 1059319600 | **615852131** |
| 2023 | 3330472400 | 25553826900 | 3859665700 | 797886800 | 12689154100 | **462310059** |
| **ആകെ** | | | | | | **190936756** |

അനുബന്ധം - 2

**അനുബന്ധം -2**

| **നം.** | ക്ഷേമനിധി ബോർഡുകൾ | **2021 മെയ് മുതൽ** |
|---|---|---|

| | | |
|---|---|---|
| 1 | കർഷക പെൻഷൻ | **10923953283** |
| 2 | കേരള കയർ തൊഴിലാളി ക്ഷേമ നിധി ബോർഡ് | **3252800000** |
| 3 | കേരള വ്യാപാരി ക്ഷേമ നിധി ബോർഡ് | **426890900** |
| 4 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | **376883200** |
| 5 | കേരള ഖാദി തൊഴിലാളി ക്ഷേമ നിധി ബോർഡ് | **25638400** |
| 6 | കേരള ഈറ്റ കാട്ടുവള്ളി തൊഴിലാളി ക്ഷേമ നിധി ബോർഡ് | **447597000** |
| 7 | ആഭരണ തൊഴിലാളി ക്ഷേമ നിധി ബോർഡ് | **29769600** |
| 8 | കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡ് | **2815841600** |
| 9 | കേരള തയ്യൽ തൊഴിലാളി ക്ഷേമ നിധി ബോർഡ് | **3347000000** |
| 10 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | **630468200** |
| 11 | കേരള ക്ഷീര കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡ് | **1952386800** |
| 12 | കേരള ലോട്ടറി തൊഴിലാളി ക്ഷേമ നിധി ബോർഡ് | **227523200** |
| 13 | ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ നിധി ബോർഡ് | **26974400** |
| 14 | കേരള കശുവണ്ടി തൊഴിലാളി ക്ഷേമ നിധി ബോർഡ് | **2623400000** |
| 15 | കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് | **104631100** |
| 16 | കേരള ചുമട്ട തൊഴിലാളി ക്ഷേമ നിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം) | **190404400** |
| | **ആകെ** | 27402162083 |

| **അനുബന്ധം - 3** | |
|---|---|
| **വിവിധ വകുപ്പുകൾ** | |
| **സ്ഥാപനം** | **2021 മെയ് മാസം മുതൽ** |
| **സാംസ്കാരിക വകുപ്പ് കാര്യാലയം (കലാകാര പെൻഷൻ )** | 119827700 |
| **കേരള സ്റ്റേറ്റ് ചലച്ചിത്ര അക്കാദമി (അവശ കലാകാര പെൻഷൻ )** | 6380000 |
| **കായിക യുവജനകാര്യ വകുപ്പ്- സർക്കസ് പെൻഷൻ** | 46438150 |
| **കായിക യുവജനകാര്യ വകുപ്പ്- അവശകായികതാര പെൻഷൻ** | 3736205 |
| **പിന്നാക്ക വിഭാഗം വികസന വകുപ്പ് -വിശ്വകർമ്മ പെൻഷൻ** | 8279309 |

**അനുബന്ധം - 4**

| **നം.** | ക്ഷേമനിധി ബോർഡുകൾ | **2021 മെയ് മുതൽ** |
|---|---|---|
| 1 | കേരള ചുമട്ട തൊഴിലാളി ക്ഷേമ നിധി ബോർഡ് അൺ അറ്റാച്ച്ഡ് വിഭാഗം | **849934145** |
| 2 | കേരള അബ്കാരി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | **67523275** |
| 3 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രകഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | **10062601230** |
| 4 | കേരള സ്റ്റേറ്റ് കൾച്ചറൽ ആക്ടിവിസ്റ്റ് വെൽഫെയർ ഫണ്ട് ബോർഡ് | **384408500** |
| 5 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ് വെൽഫെയർ ഫണ്ട് ബോർഡ് | **739926502** |
| 6 | കേരള സ്റ്റേറ്റ് അങ്കണവാടി വർക്കേഴ്സ് ആന്റ് വെൽഫെയർ ഫണ്ട് ബോർഡ് | **779500181** |
| 7 | കേരള റ്റോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | **1694549720** |
| 8 | കേരള റേഷൻ ഡീലേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | **62811000** |

| | | |
|---|---|---|
| 9 | കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡ് | **91633700** |
| 10 | കേരള അഡ്വക്കേറ്റ് ക്ലർക്ക് ക്ഷേമനിധി കമ്മിറ്റി | **20121090** |
| 11 | ദി കേരള നോൺ-റസിഡന്റ്സ് കേരളൈറ്റ്സ് | **2414295065** |
| 12 | കേരള ഡോക്കുമെന്റ് റൈറ്റേഴ്സ് -സ്ക്രൈബ്സ് അന്റ് സ്റ്റാമ്പ് വെണ്ടേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് | **4350300** |
| 13 | കേരള മദ്രസ അദ്ധ്യാപക ക്ഷേമ നിധി ബോർഡ് | **66288250** |
| | **ആകെ** | **17237942958** |

സെക്ഷൻ ഓഫീസർ